# ഹദീസുകൾക്കൊരു ഇൻഡക്സ്

**അനേകം** ഗ്രന്ഥങ്ങളിൽ പരന്നുകിടക്കുന്ന ആയിരക്കണക്കായ ഹദീസുകളിൽനിന്ന് ഉദ്ദിഷ്ഠ ഹദീസ് നിഷ്പ്രയാസം കണ്ടെത്താൻ സഹായിക്കുന്ന ഹദീസ് ഇൻഡക്സാണ് *അൽ മുഅ്ജമുൽ മുഫഹ്‌റീസ് ലി അൽഫാളിൽ ഹദീസിന്നബവി.* ബുഖാരി, മുസ്‌ലിം, തിർമിദി, നസാഈ, ഇബ്നുമാജ, അബൂദാവൂദ് എന്നിവക്കു പുറമെ ദാമിയുടെ മുസ്നദ്, മാലികിന്റെ മുവത്വ, അഹ്‌മദുബ്നു ഹമ്പലിന്റെ മുസ്നദ് എന്നിവയിലെ ഹദീസുകളും ഉൾപ്പെടുത്തിയാണ് *മുഅ്ജം* തയാറാക്കിയിട്ടുള്ളത്.


الاتحاد الأممي للمجامع العلمية

المعجم المفهرس

لألفاظ الحديث النبوي

عن الكتب الستة وعن مسند الدارمي
وموطأ مالك ومسند احمد بن حنبل

رتبه ونظمه لفيف من المستشرقين
ونشره
الدكتور أ. ى. ونسنك
أستاذ العربية بجامعة ليدن

الجزء الاول (ا-ح)

مكتبة بريل فى مدينة ليدن سنة
١٩٣٦

അറബി അക്ഷരമാലാക്രമത്തിൽ ഹദീസുകൾ ക്രമീകരിച്ചിരിക്കുന്നു. നമുക്ക് ലഭിക്കണമെന്ന് ഉദ്ദേശ്യമുള്ള ഹദീസിലെ ഏതെങ്കിലുമൊരുവാക്ക് അറിയാമെങ്കിൽ അക്ഷരമാലാക്രമത്തിൽ ആ വാക്ക് വരുന്ന സ്ഥലം പരിശോധിക്കുക. പ്രസ്തുത പദം വന്നിട്ടുള്ള എല്ലാ ഹദീസുകളുടെയും ചെറുഭാഗങ്ങൾ അവിടെയുണ്ടാകും. ഏതു ഹദീസ് ഗ്രന്ഥത്തിൽ, ഏത് അധ്യായത്തിലാണ് ഹദീസ് ഉള്ളതെന്നും രേഖപ്പെടുത്തിയിരിക്കും. ഉദാഹരണമായി യുദ്ധത്തിൽ മുറിവേറ്റപ്പോൾ സ്വഹാബിമാർ ചൊല്ലിയ ഒരു കവിതയുണ്ട്. അതിലെ *ഇസ്ബഅ്* (വിരൽ) എന്ന പദം മാത്രമേ നമുക്കറിയൂ. എങ്കിൽ, അലിഫും അതിനോട് ചേർന്ന് സ്വാദും വരുന്ന ഒന്നാം വാല്യത്തിലെ ഭാഗം നോക്കിയാൽ മതി. പ്രസ്തുത ഹദീസ് ബുഖാരിയിലെ ജിഹാദ്, അദബ് എന്നീ അധ്യായങ്ങളിലും, മുസ്‌ലിമിലെ ജിഹാദ്, അധ്യായത്തിലും ഉണ്ടെന്ന് കാണാം. ഇങ്ങനെ നടേസൂചിപ്പിച്ച. ഒമ്പതുഗ്രന്ഥങ്ങളിലെ ഏതു ഹദീസ് കണ്ടെത്താൻ സാധിക്കുന്നതാണ്. ഹദീസിന്റെ കൂടെ കൊടുത്തിട്ടുള്ള ഒറ്റ അക്ഷരങ്ങൾ കൊണ്ടാണ് ഹദീസ് ഗ്രന്ഥങ്ങളെ സൂചിപ്പിക്കുന്നത്. അവയുടെ ഉദ്ദേശ്യം എന്തെന്ന് ഓരോ പേജിലും താഴ്ഭാഗത്തു കൊടുത്തിട്ടുണ്ട്. ഉദാഹരണമായി ഒരു ഹദീസിന്റെ നേരെ خ എന്ന അക്ഷരവും അധ്യായത്തിന്റെ പേരുമാണുള്ളതെങ്കിൽ അത് ബുഖാരിയിലാണ് ഉള്ളതെന്നാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ഓരോ വാല്യത്തിന്റെയും ആരംഭത്തിൽ അതത് വാല്യത്തിൽ വന്നിട്ടുള്ള ഹദീസുകൾക്ക് വിഷയാധിഷ്ഠിതമായ ഇൻഡക്സും നൽകിയിട്ടുണ്ട്.

ഏഴുവാല്യങ്ങളുള്ള ഈ ബൃഹദ് ഗ്രന്ഥം തയാറാക്കിയിരിക്കുന്നത് ഒരു സംഘം ഓറിയന്റലിസ്റ്റ് പണ്ഡിതൻമാരാണന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ലണ്ടനിലെ ബ്രയിൽ ലൈബ്രറി 1936-ലാണ് ഇത് പുറത്തിറക്കിയത്.